I/101824/2023

**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (മെഡിക്കൽ ) ന്റെ നടപടിക്രമം .**

വിഷയം:- ആ വ ഡ - ജീവനക്കാര്യം -ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥലംമാറ്റവും ,ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1.ഉത്തരവ് നമ്പർ ഇ.എസ്3 -4087/2022/ആവഡ തീയതി :08.12.2022
2.വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ .

**ഉത്തരവ് നം : ആ വ ഡ/11780/2023 ഇഇ4 തിയതി : 02-11-2023**

പരാമർശം 2 പ്രകാരം വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാർക്ക് വിവിധ സ്ഥാപനങ്ങളിൽ നിലവിൽ ഒഴിവുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥലമാറ്റം നൽകി **Annexure I** ലിസ്റ്റിൽ ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു .

പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 105 മുതൽ 108 വരെ യുള്ള ജീവനക്കാരെ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവിലേക്ക് 43400 -91200 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി **Annexure II** ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു .
ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ രണ്ട് വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷാക്കാലം പൂർത്തിയാക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ അതാത് സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപായി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ഇല്ലാ എന്ന് സ്ഥാപന മേധാവി ഉറപ്പ് വ രുത്തേണ്ടതാണ് .സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിക്കേണ്ടതും ,സ്പാർക്കിൽ വിവരങ്ങൾ ഉൾപെടുത്തേണ്ടതും ആണ് .
അന്യത്രസേവനത്തിൽ തുടരുന്ന ജീവനക്കാർ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ് .വിടുതൽ ചെയ്ത തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് .

Signed by
Dr Nandakumar K V
Date: 02-11-2023 14:39:20

**അഡിഷണൽ ഡയറക്ടർ (മെഡിക്കൽ )**

I/101824/2023

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
ഫയൽ /കരുതൽ ഫയൽ

I/101826/2023

## Annexure I

| Sl No | Name | Present Institution | Transferred to |
|---|---|---|---|
| 1 | Abdu Razzak Nalakath | District Hospital Thodupuzha Idukki | DMO Malappuram |
| 2 | Anitha M | General Hospital Adoor Pathanamthitta | General Hospital Kasaragod |

Signed by
Dr Nandakumar K V
Date: 02-11-2023 14:39:56

**Additional Director(Medical)**

I/101827/2023

# ANNEXURE II

| Sl No | Rank No | PEN | DOB | Name | Present Instituion | Promoted and Posted to |
|---|---|---|---|---|---|---|
| 1 | 105 | 302247 | 25.05.1968 | Sindhu V K | PHC Puthupally Kottayam | FW Store Kottayam |
| 2 | 106 | 301587 | 30.05.1971 | Sooraj S | CHC Elanthoor Pathanamthitta | G H Adoor Pathanamthitta |
| 3 | 107 | 349237 | 15.01.1968 | Mohamed Ismail S | Dist T B Centre Palakkad | D H Thodupuzha Idukki |
| 4 | 108 | 339619 | 20.12.1969 | Shelly Paul | THQH Kothamangalam Ernakulam | THQH Nedunkanadam Idukki |

Signed by
Dr Nandakumar K V
Date: 02-11-2023 14:40:37

**Additional Director (Medical )**